സഹകരിച്ചു ചലച്ചിത്ര നിർമ്മാണത്തിനുള്ള ഒരു ധനസഹായ പദ്ധതിയും ഇൻഷുറൻസ് സ്കീമും ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തിനായി മുതിർന്ന അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് പ്രതിമാസം 500 രൂപ പെൻഷനായി നൽകുന്നുണ്ട്. അർഹതപ്പെട്ടവർക്ക് 25,000 രൂപ വരെ ചികിത്സാ ധനസഹായവും നൽകുന്നുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പട്ടയമേളകൾ

28 [5665] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് ആകെ എത്ര പട്ടയമേളകൾ നടത്തുകയുണ്ടായി;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര പട്ടയ മേളകൾ നടത്തുകയുണ്ടായി;

(സി) ഈ പട്ടയ മേളകൾ വഴി എത്ര പേർക്ക് നാളിതുവരെ എത്ര വസ്തുക്കൾക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ, ബി) തിരുവനന്തപുരം ജില്ലയിൽ 3 പട്ടയമേളകൾ നടത്തി. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ 212 പേർക്കായി 7.99.29 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകി. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

ഭൂമിക്ക് പൊന്നും വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

29 [5666] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പദ്ധതി ആവശ്യങ്ങൾക്കും മറ്റുമായി ഭൂമി പൊന്നുവിലയ്ക്ക് ഏറ്റെടുക്കുമ്പോൾ വില നിശ്ചയിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

സ്ഥലമെടുപ്പ് നിയമപ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സ്ഥലമെടുപ്പ് ഓഫീസർ ഏറ്റെടുക്കുന്ന ഭൂമിക്ക് 5 കിലോ മീറ്റർ ചുറ്റളവിൽ 4(1) വിജ്ഞാപനം പരസ്യപ്പെടുത്തിയ തീയതിക്ക് മുൻപ് 3 വർഷത്തിനുള്ളിൽ നടന്ന സമിതി

LIBRARY ARCHIVES Kerala Legislative Assembly